(സി) ഉണ്ട്.

(ഡി) നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യുവജന പാർലമെന്റ് സ്കീം

100 (3659) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ കോളേജ് തലങ്ങളിലുള്ള നിർദ്ദിഷ്ട യുവജന പാർലമെന്റ് സ്കീമിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്കീമിന്റെ ഘടനയും ലക്ഷ്യവും വ്യക്തമാക്കുമോ ;

(സി) ഈ സ്കീം നടപ്പിലാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സ്കൂൾ-കോളേജ് തലങ്ങളിൽ ഇതിനകം ഒരുക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) ഈ സ്കീം നടപ്പിലാക്കുന്നതിന് തൽവർഷം നീക്കിവെച്ചിട്ടുള്ള തുക എത്രയാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളെയും കോളേജുകളെയും പ്രസ്തുത സ്കീമിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോയെന്നതിനെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) യുവജന പാർലമെന്റ് സ്കീം സ്കൂളുകളിൽ പ്രവർത്തിക്കുന്നില്ല. കോളേജുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തെറ്റുകൾ തിരുത്തുന്നതിന് ഫീസ്

101 (3660) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തെറ്റുകൾ തിരുത്തുന്നതിന് ഈടാക്കുന്ന ഫീസ് എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പരീക്ഷാ ഭവനിൽ നിന്നും സംഭവിക്കുന്ന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിനും പ്രസ്തുത ഫീസ് ഈടാക്കുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് നിർത്തലാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly